സെമിഫൈനൽ കിക്കോഫ്

ജന മനോത്സവം 2025

കോട്ടയം: തദ്ദേശ തെരഞ്ഞെടുപ്പിനു വിളംബരമായി, ഇനി പോരാട്ടത്തിന്റെ ചൂടേറും നാളുകൾ. ആദ്യ ഘട്ടത്തിൽ തെരഞ്ഞെടുപ്പ് നടക്കുന്ന ജില്ലയിലെ, ത്രിതല പഞ്ചായത്തുകളിലായി 1611 പേരെ തെരഞ്ഞെടുക്കാൻ 16,29,056 പേരാണ് തയാറെടുക്കുന്നത്. മുന്നണികൾ ഇതോടകം തെരഞ്ഞെടുപ്പ് ഒരുക്കങ്ങൾ പൂർത്തിയാക്കിയിരുന്നു. സീറ്റ് വിഭജന ചർച്ചകൾ അന്തിമ ഘട്ടത്തിലാണ്. ഇന്നും നാളെയുമായി സീറ്റ് വിഭജനം പൂർത്തിയാക്കി സ്ഥാനാർഥികളെ പ്രഖ്യാപിച്ച് ഏറ്റവും അടുത്ത ദിവസം തന്നെ പ്രചാരണം ആരംഭിക്കും.

ഇതോടകം സ്ഥാനാർഥിത്വം ഉറപ്പിച്ച മുന്നണി സ്ഥാനാർഥികളും സ്വതന്ത്രരും ചുവരെഴുത്തിലൂടെയും നേരിട്ടും വോട്ടർമാരുടെ മുന്നിൽ എത്തിയിട്ടുണ്ട്. യു.ഡി.എഫിൽ സീറ്റ് വിഭജനം രണ്ടു ദിവസത്തിനുള്ളിൽ പൂർത്തിയാകും. ജില്ലാ പഞ്ചായത്ത് സീറ്റ് വേണമെന്ന ഘടകകക്ഷികളുടെ ആവശ്യത്തിനു മുന്നിൽ കുഴങ്ങി നിൽക്കുകയാണ് കോൺഗ്രസ്. അതേസമയം, മുൻ തവണകളിലേതിനു വ്യത്യസ്തമായി അഭിപ്രായഭിന്നതകളോ സീറ്റ് വിഭജനം പൂർത്തിയാക്കാൻ കഴിയുമെന്നാണു നേതൃത്വത്തിന്റെ പ്രതീക്ഷയെങ്കിലും സ്ഥാനാർഥി നിർണയം വരുമ്പോൾ ചില പൊട്ടിത്തെറികൾ പ്രതീക്ഷിക്കുന്നുണ്ട്.

എൽ.ഡി.എഫിലും സീറ്റ് വിഭജനം അന്തിമ ഘട്ടത്തിലാണ്. ജില്ലാ പഞ്ചായത്തിൽ കേരളാ കോൺഗ്രസിന് അനുവദിക്കുന്ന ഒരു സീറ്റിൽ പൊതുസ്വതന്ത്രൻ സ്ഥാനാർഥിയാകണമെന്ന സി.പി.എം. നിർദേശത്തിൽ ചർച്ചകൾ വഴിമുട്ടി നിൽക്കുകയാണ്. അതേസമയം, സീറ്റ് വിഭജനം പൂർത്തിയായ തദ്ദേശ സ്ഥാപനങ്ങളിൽ സ്ഥാനാർഥികൾ പ്രചാരണം ആരംഭിച്ചു കഴിഞ്ഞു.

എൻ.ഡി.എയിലും സീറ്റ് വിഭജനം ഇന്നും നാളെയുമായി പൂർത്തിയാകും. പുറമേ, ആവേശമില്ലാതെ എന്നാൽ, അടിത്തട്ടിൽ ശക്തമായ പ്രചാരണത്തോടെയാണു മുന്നണിയുടെ പ്രചാരണം. കഴിഞ്ഞ തവണ അധികാരം ലഭിച്ച രണ്ടു പഞ്ചായത്തുകൾക്കൊപ്പം കൂടുതൽ പഞ്ചായത്തുകളിൽ ഭരണം ഉറപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണു മുന്നണിയുടെ പ്രചാരണം.

തെരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങൾ

ഗ്രാമപഞ്ചായത്ത് -1223
ബ്ലോക്ക് പഞ്ചായത്ത് -153
ജില്ലാ പഞ്ചായത്ത് -23
നഗരസഭ -208

നിലവിലെ നിലയിൽ ഇങ്ങനെ

- ജില്ലാ പഞ്ചായത്ത്

എൽ.ഡി.എഫ്.

- ബ്ലോക്ക് പഞ്ചായത്തുകൾ

എൽ.ഡി.എഫ്. -10
യു.ഡി.എഫ്.-01

- ഗ്രാമപഞ്ചായത്തുകൾ

എൽ.ഡി.എഫ്. -51
യു.ഡി.എഫ്.-18
ബി.ജെ.പി - 02

- നഗരസഭകൾ

യു.ഡി.എഫ് -04
എൽ.ഡി.എഫ് -02

പ്രതീക്ഷിക്കാം സൗഹൃദ മത്സരം; വിമത ഘോഷയാത്ര

കോട്ടയം: എല്ലാം സെറ്റ് എന്ന് ആവർത്തിച്ചു പറയുമ്പോഴും ഉള്ളിൽ പുകയുന്ന അസ്വസ്ഥതകൾക്കു പരിഹാരം തേടാനുള്ള തെരക്കോട്ടത്തിലാണ് മുന്നണി നേതൃത്വങ്ങളെങ്കിലും സീറ്റ് വിഭജനം അന്തിമ ഘട്ടത്തിൽ എത്തുമ്പോഴും പ്രശ്നങ്ങൾ പൂർണമായി പറഞ്ഞു പരിഹരിക്കാൻ ഒരു മുന്നണിയ്ക്കും കഴിഞ്ഞിട്ടില്ല.

ചില വാർഡുകളിലെങ്കിലും സൗഹൃദ മത്സരവും വിമത ശല്യവും മറുകണ്ടം ചാടലുകളും മുന്നു മുന്നണികളും ഒരുപോലെ പ്രതീക്ഷിക്കുന്നു. ഇന്നലെ ജില്ലയിൽ രണ്ടിടങ്ങളിലായി അപ്രതീക്ഷിത മുന്നണി മാറ്റം നടന്നു. യു.ഡി.എഫിൽ മുൻ കാലങ്ങളിൽ നിന്നു വ്യത്യസ്തമായി സീറ്റ് വിഭജനത്തിൽ പൊട്ടലും ചീറ്റലും കുറവായിരുന്നു. എന്നാൽ, ജില്ലാ പഞ്ചായത്തിൽ സീറ്റിനായി മുസ്ലീം ലീഗ് തുടരുന്ന കടുംപിടുത്തം കോൺഗ്രസിനെ അലോസരപ്പെടുത്തുന്നുണ്ട്.

കേരളാ കോൺഗ്രസ് - ജോസഫ് വിഭാഗത്തിന് അനാവശ്യമായി സീറ്റുകൾ നൽകുന്നുവെന്ന പരാതി ലീഗിനും ഒരു വിഭാഗം കോൺഗ്രസ് നേതാക്കൾക്കുമുണ്ട്. തങ്ങളെ പാടേ അവഗണിക്കുകയാണെന്ന പരാതിയാണു ചെറു കക്ഷികൾക്ക്. യോഗ്യരായ സ്ഥാനാർഥികളെ കണ്ടെത്താൻ ബുദ്ധിമുട്ടേണ്ടി വരുന്നതും മുന്നണി നേതൃത്വത്തെ അലോസരപ്പെടുത്തുന്നു. നേരത്തെ സീറ്റ് വിഭജന ചർച്ചകൾ തുടങ്ങിയ എൽ.ഡി.എഫിലും കാര്യങ്ങൾ ശുഭമല്ല. തുടക്കത്തിൽ വേഗം മുന്നേറിയ ജില്ലാ പഞ്ചായത്ത് സീറ്റ് വിഭജനം ഒരു സീറ്റിൽ പൊതു സ്വതന്ത്രൻ എന്ന സി.പി.എം. നിർദേശത്തിൽ തട്ടി നിലച്ചു. അയർക്കുന്നം ഡിവിഷനിൽ പൊതുസ്വതന്ത്രനെ നിർത്തണമെന്ന സി.പി.എം. ആവശ്യത്തിന് ഇതുവരെ കേരളാ കോൺഗ്രസ് (എം) മറുപടി നൽകിയിട്ടില്ല. സി.പി.എം. കേരളാ കോൺഗ്രസിനു മുന്നിൽ മുട്ടുമടക്കുന്നുവെന്ന പരാതി സി.പി.ഐയ്ക്കു മാത്രമല്ല, ഒരു വിഭാഗം സി.പി.എം.നേതാക്കൾക്കുമുണ്ട്. കൂടുതൽ സീറ്റുകൾ ആവശ്യപ്പെടുന്നുണ്ടെങ്കിലും ജില്ലാ പഞ്ചായത്തിൽ ഉൾപ്പെടെ ലഭിക്കുന്ന സീറ്റിൽ തൃപ്തിപ്പെട്ട് സംഘർഷം ഒഴിവാക്കാനാണ് സി.പി.ഐ തീരുമാനം. പലതവണ ആവശ്യപ്പെട്ടിട്ടും യാതൊരു പരിഗണനയും നൽകുന്നില്ലെന്നാണ് ചെറുകക്ഷികളുടെ പരിഭവം. എൻ.ഡി.എയിൽ ബി.ജെ.പി -ബി.ഡി.ജെ.എസ്. സീറ്റ് വിഭജനം ഏറെക്കുറെ പൂർത്തിയായി. ചെറുകക്ഷികൾക്കു പേരിനു മാത്രമാണ് സീറ്റ് അനുവദിച്ചു നൽകിയിരിക്കുന്നത്. കഴിഞ്ഞ തവണ അധികാരം ലഭിച്ച പള്ളിക്കത്തോട്ടിലും മുത്തോലിയിലും അധികാരം നിലനിർത്താനുള്ള ശ്രമമാണ് മുന്നണി നടത്തുന്നത്.

പുതുപ്പള്ളി തെക്കേക്കര, പിറക്കടവ്, വാകത്താനം, പനച്ചിക്കാട്, അയർമഠം ഉൾപ്പെടെയുള്ള പഞ്ചായത്തുകളിലും മുന്നണി പ്രതീക്ഷ പുലർത്തുന്നുണ്ട്.

• തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനു പിന്നാലെ കോട്ടയം നഗരസഭ മുന്നാം വാർഡിൽ യു.ഡി.എഫ്, എൽ.ഡി.എഫ്. സ്ഥാനാർഥികൾക്കായി ചുവരെഴുത്ത് ആരംഭിച്ചപ്പോൾ.

കേരളാ കോൺഗ്രസുകൾക്കും കോൺഗ്രസിനും നിർണായകമാണ്; നിലനിൽപ്പിന്റെ പ്രശ്നമാണ്

കോട്ടയം: കോൺഗ്രസിനും കേരളാ കോൺഗ്രസുകൾക്കും ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പ് നിർണായകം. കഴിഞ്ഞ തെരഞ്ഞെടുപ്പിന് ഏതാനും നാളുകൾക്കു മുമ്പാണ് കേരളാ കോൺഗ്രസ് - എം മുന്നണി വിടുന്നത്. ജോസഫ് വിഭാഗം പിളർന്നു മാറിയതും തെരഞ്ഞെടുപ്പ് അടുത്തപ്പോഴാണ്. തെരഞ്ഞെടുപ്പിനു തൊട്ടു മുമ്പുള്ള മാണി വിഭാഗത്തിന്റെ മുന്നണി മാറ്റം പ്രതിസന്ധി സൃഷ്ടിക്കില്ലെന്നായിരുന്നു കോൺഗ്രസ് കണക്കുകൂട്ടൽ.

എന്നാൽ, സംസ്ഥാനമൊട്ടാകെ ഇടതു തരംഗം വീശുമ്പോഴും യു.ഡി.എഫ്. കോട്ടയായി ഉറച്ചു നിന്നിരുന്ന ജില്ല കഴിഞ്ഞ തദ്ദേശ, നിയമസഭാ തെരഞ്ഞെടുപ്പുകളിൽ എൽ.ഡി.എഫിലേക്കു ചെരിയുന്ന കാഴ്ചയാണു പിന്നീട് കണ്ടത്.

2015ൽ ജില്ലാ പഞ്ചായത്തിൽ ഭരണം നേടിയത് യു.ഡി.എഫായിരുന്നു. ഭരണം പാതിവഴിയിൽ എത്തിയപ്പോൾ പ്രസിഡന്റ് സ്ഥാനത്തെ ചൊല്ലിയുണ്ടായ തർക്കം ഒടുവിൽ കേരളാ കോൺഗ്രസ് (എം) മുന്നണി വിടുന്നതിൽ കലാശിച്ചു.

പിന്നാലെ നടന്ന തെരഞ്ഞെടുപ്പിൽ കേരളാ കോൺഗ്രസിന്റെ കുടി കരുത്തിൽ ജില്ലാ പഞ്ചായത്തിലും ഒന്നൊഴികെയുള്ള ബ്ലോക്ക് പഞ്ചായത്തുകളിലും ഭൂരിപക്ഷം പഞ്ചായത്തുകളിലും എൽ.ഡി.എഫ്. ഭരണം പിടിച്ചു. ഒരിക്കലും അധികാരത്തിൽ പങ്കാളികളാകാൻ കഴിയില്ലെന്നു സി.പി.എം. കരുതിയിരുന്ന പാലാ നഗരസഭ ഉൾപ്പെടെ എൽ.ഡി.എഫിന്റെ ഭാഗമായി.

71 ഗ്രാമ പഞ്ചായത്തുകളിൽ 2015ൽ 43 എണ്ണവും യു.ഡി.എഫിനൊപ്പമായിരുന്നു വെങ്കിൽ കഴിഞ്ഞ തവണ എൽ.ഡി.എഫ്. 51 ഇടങ്ങളിൽ ഭരണം ഉറപ്പിച്ചു. ജില്ലയിൽ കഴിഞ്ഞ തവണ കേരളാ കോൺഗ്രസ് -എം മത്സരിച്ച 409 സീറ്റുകളിൽ 219 ഇടങ്ങളിൽ വിജയിക്കുകയും ചെയ്തു. യു.ഡി.എഫിൽ നിലനിന്ന കേരളാ കോൺഗ്രസ് ജോസഫ് വിഭാഗത്തിൽ പ്രതീക്ഷിച്ച വിജയം നേടാനായില്ല. ജില്ലാ പഞ്ചായത്തിൽ എട്ടു സീറ്റിൽ മത്സരിച്ചപ്പോൾ വിജയം രണ്ടിൽ ഒതുങ്ങി. കോൺഗ്രസിനും വൻ തിരിച്ചടിയുണ്ടായി, 14 സീറ്റിൽ മത്സരിച്ചപ്പോൾ വിജയിച്ചത് അഞ്ചിടങ്ങളിൽ മാത്രമായി. കഴിഞ്ഞ തവണത്തേതിനൊപ്പമോ, മെച്ചപ്പെടുത്തിയതോ ആയ വിജയമാണ് കേരളാ കോൺഗ്രസ് - എം ആഗ്രഹിക്കുന്നത്.

ജില്ലയിലെ യഥാർഥ ശക്തി തങ്ങളാണെന്ന് തെളിയിക്കേണ്ട ബാധ്യതയിലാണ് കോൺഗ്രസ്. ശക്തി തെളിയിക്കേണ്ടത് കേരളാ കോൺഗ്രസ് ജോസഫ് വിഭാഗത്തിന്റെയും ഉത്തരവാദിത്വം. ആയി മാറിയിരിക്കുകയാണ്.

സർക്കാരിന്റെ വികസനനേട്ടം വോട്ടാകും: എൽ.ഡി.എഫ്.

കോട്ടയം: മുന്നണി ഒറ്റക്കെട്ടായി തെരഞ്ഞെടുപ്പിനു പൂർണ സജ്ജമെന്നു എൽ.ഡി.എഫ്. കൺവീനർ പ്രഫ.ലോപ്പസ് മാത്യു. സീറ്റ് വിഭജനം 80 ശതമാനം പൂർത്തിയായി. രണ്ടു ദിവസത്തിനുള്ളിൽ പൂർണമാകും. സ്ഥാനാർഥി നിർണയവും ഏതാനും ദിവസങ്ങൾ പൂർത്തിയാകും. സമൂഹത്തിലെ താഴേത്തട്ടിലുള്ളവർക്ക് വ്യക്തിഗത ആനുകൂല്യം ഉൾപ്പെടെ നൽകിയ എൽ.ഡി.എഫ്. സർക്കാരിന്റെ പ്രവർത്തന നേട്ടവും ലഭിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കിയതിന്റെ മികവും വോട്ടായി മാറും. റബറിന്റെ താഴ്വിലയിലും നെല്ലിന്റെ സംഭരണ വിലയിലുമുണ്ടായ വർധനവും ഭൂപ്രശ്നങ്ങൾ പരിഹരിച്ചതും എൽ.ഡി.എഫിനു പൂർണ വിജയ പ്രതീക്ഷ നൽകുന്ന ഘടകങ്ങളാണെന്നും ലോപ്പസ് പറഞ്ഞു.

39 പഞ്ചായത്തുകളിൽ അധ്യക്ഷ പദം സംവരണം

കോട്ടയം: ജില്ലയിലെ 71 പഞ്ചായത്തുകളിൽ 39 എണ്ണത്തിൽ പ്രസിഡന്റ് സ്ഥാനം വിവിധ സംവരണ വിഭാഗങ്ങളിലുള്ളവർക്കാണ്. വനിത -33, പട്ടികജാതി - 3, പട്ടികജാതി സ്ത്രീ -2, പട്ടിക വർഗം -1 എന്നിങ്ങനെയാണ് വിഭജനം.

11 ബ്ലോക്ക് പഞ്ചായത്തുകളിൽ അഞ്ചിടങ്ങളിൽ വനിതാ അധ്യക്ഷർ വരും. ആറു നഗരസഭകളിൽ പാലാ ഒഴികെ എല്ലാം ജനറലാകും. ജില്ലാ പഞ്ചായത്ത് അധ്യക്ഷ പദവും ജനറൽ കാറ്റഗറിയിലാണ്.

വോട്ടർമാർ 16,29,096 പ്രവാസി വോട്ടർമാർ 53

കോട്ടയം: ജില്ലയിൽ ആകെ വോട്ടർമാർ 16,29,096. അന്തിമ വോട്ടർ പട്ടികയിലെ കണക്കാണിത്. ഇവരിൽ 8,48,815 പേർ സ്ത്രീകളാണ്. പുരുഷ വോട്ടർമാർ 7,79,269 ആണ്. 12 ട്രാൻസ്ജെൻഡർ വോട്ടർമാരുണ്ട്. 53 പേർ പ്രവാസികളാണ്.

മുനിസിപ്പാലിറ്റിയിൽ ഏറ്റവും കൂടുതൽ വോട്ടർമാരുള്ളത് കോട്ടയം.(1,02,237) ഏറ്റവും കുറവ് പാലാ (19,144). പഞ്ചായത്തിൽ ഏറ്റവും കൂടുതൽ വോട്ടർമാരുള്ളത് പനച്ചിക്കാട് (35,846) ഏറ്റവും കുറവ് തലനാട് (5169) പഞ്ചായത്തിലുമാണ്. 20,600 പേരാണ് അന്തിമ വോട്ടർപട്ടികയിൽ ഒഴിവാക്കപ്പെട്ടത്.

ഒറ്റക്കെട്ടായി മുന്നേറ്റം: യു.ഡി.എഫ്.

കോട്ടയം: ഒറ്റക്കെട്ടായി തെരഞ്ഞെടുപ്പിനെ നേരിടുമെന്നും യു.ഡി.എഫ്. കോട്ടയത്തെ ലക്ഷ്യം ഇത്തവണ മുന്നണി തിരികെ പിടിക്കുമെന്നും കൺവീനർ ഫിൽസൺ മാത്യൂസ് പറഞ്ഞു. സീറ്റ് വിഭജന, സ്ഥാനാർഥി നിർണയ ചർച്ചകൾ അന്തിമ ഘട്ടത്തിലാണ്. നോമിനേഷൻ സമർപ്പണം ആരംഭിക്കുന്നതിനൊപ്പം മുന്നണി സജീവ പ്രചാരണത്തിലേക്കും കടക്കും. സംസ്ഥാന സർക്കാരിനെതിരായ വിധിയെഴുത്തായി തെരഞ്ഞെടുപ്പ് മാറുമെന്നും ഫിൽസൺ പറഞ്ഞു.

അനുകൂല അന്തരീക്ഷം: ബി.ജെ.പി.

കോട്ടയം: തെരഞ്ഞെടുപ്പിനായി ഏറ്റവും ആദ്യം ഒരുക്കങ്ങൾ തുടങ്ങിയത് ബി.ജെ.പിയും എൻ.ഡി.എയുമാണെന്നു ബി.ജെ.പി. വെസ്റ്റ് ജില്ലാ പ്രസിഡന്റ് ലിജിൻ ലാൽ.സ്ഥാനാർഥികളെ ഉടൻ പ്രഖ്യാപിക്കും. തെരഞ്ഞെടുപ്പിനു മുന്നോടിയായി നടത്തിയ ജനസമ്പർക്കത്തിൽ ബി.ജെ.പിക്ക് അനുകൂലമായ അന്തരീക്ഷമാണ് എവിടെയും. കഴിഞ്ഞ തവണ ജില്ലയിൽ രണ്ടു പഞ്ചായത്തുകളിലാണ് മുന്നണിയ്ക്കു ഭരണമുണ്ടായിരുന്നത്. ഇത്തവണ കൂടുതൽ പഞ്ചായത്തുകളിൽ ഭരണം നേടാൻ കഴിയും. കൂടുതൽ മെമ്പർമാരുണ്ടാകുമെന്നും ലിജിൻ പറഞ്ഞു.

കോട്ടയം അഡീഷണൽ മുൻസിഫ് കോടതി മുമ്പാകെ

O.S. No: 119/2025

വാദി : കോട്ടയം ജില്ല, കോട്ടയം താലൂക്ക്, പുതുപ്പള്ളി വില്ലേജ്, പരിയാരം പി.ഒ., എറികാട് കരയിൽ, മണിമന്ദിരത്തിൽ താമസം, അച്യുതൻ മകൻ 72 വയസുള്ള എം.എ. മണി.

പ്രതികൾ : കോട്ടയം ജില്ലയിലെ അസംഖ്യം പൊതുജനങ്ങൾ. ടി ക്കുവേണ്ടിയും. സ്വന്ത നിലയിലും.

(1) കോട്ടയം ജില്ല, കോട്ടയം താലൂക്ക്, പുതുപ്പള്ളി വില്ലേജ്, പരിയാരം പി.ഒ., പരിയാരം കരയിൽ, ഞാറമാറ്റത്തിൽ വീട്ടിൽ താമസം ചെല്ലപ്പൻ മകൻ 60 വയസുള്ള എൻ.സി. രാജു.

(2) കോട്ടയം ജില്ല, കോട്ടയം താലൂക്ക്, തിരുവാർപ്പ് വില്ലേജ്, കിളിരൂർ പി.ഒ., കിളിരൂർ കരയിൽ, പൗർണമിയിൽ വീട്ടിൽ താമസം പുരുഷോത്തമൻ മകൻ 47 വയസുള്ള കെ.പി. ദീപു.

(3) കേരളാ സർക്കാർ, Rep. by സെക്രട്ടറി, PWD (റോഡ് വിഭാഗം), സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695001.

(4) എക്സിക്യൂട്ടീവ് എൻജിനീയർ, PWD (റോഡ് വിഭാഗം), കോട്ടയം ജില്ല-686001.

സകലമാന പേരേയും തെര്യപ്പെടുത്തുന്നത്.

കോട്ടയം ജില്ലയിലെ പൊതുജനങ്ങളെ പ്രതിനിധികരിച്ച് ഒന്നും രണ്ടും പ്രതികളെ കക്ഷി വർഗത്തിൽ ചേർത്ത് വാദി ബോധിപ്പിച്ചിട്ടുള്ള മേൽ നമ്പർ അന്യായ സംഗതിയിൽ ആർക്കെങ്കിലും തർക്കമുള്ള പക്ഷം ആയത് ടി കേസിന്റെ അടുത്ത വിചാരണ തീയതിയായ 28.11.25 തീയതി പകൽ 11.00 മണിക്ക് നേരിട്ടോ അധികാരപ്പെടുത്തിയ ഏജന്റ് മുഖേനയോ അഭിഭാഷകൻ മുഖേനയോ ഈ കോടതി മുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം അന്യായം തീർച്ച ചെയ്യുന്നതാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു.

ഉത്തരവിൻപ്രകാരം,
അഡ്വക്കേറ്റ്:
നിതിഷ് എസ്. (പ്ലീ)

കോട്ടയം
05.04.2025

kotak®

കൊട്ടക് മഹീന്ദ്ര പ്രൈം ലിമിറ്റഡ്
(മുമ്പ് കൊട്ടക് മഹീന്ദ്ര സിഡി നിക്ഷേപൻ Q1 ന്റെ Q1 ഫണ്ട്, 15-ാം നില, ബോൺ ബ്രോസ്കോ കൺസൾട്ട് സെന്റേഴ്സ് സ്പേസ്, ചക്കാലക്കൽ, സർവീസ് റോഡ് ഇടവ്, NH 66, പാലാരിവട്ടം, വെണ്ണല, എറണാകുളം, കേരളം 682028

ലേല വിൽപ്പന നോട്ടീസ്

സർഫാസി ആക്ട് 2002-ലെ സെക്ഷൻ 9(1) പ്രകാരം NBFCകൾ പണയപ്പെടുത്തിയ സ്വത്തുക്കളുടെ വിൽപ്പന നോട്ടീസ്.

2002-ലെ സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസെറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 സെഷൻ നിയമത്തിന്റെ (എൻഫോഴ്സ്മെന്റ് നിയമം) 2002 ലെ റൂൾ 8(1) പ്രകാരം സ്വത്തുക്കളുടെ ലേല വിൽപ്പന നോട്ടീസ് KMPLന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുകളിൽ പറഞ്ഞ നിയമത്തിന്റെ വകുപ്പ് 13(4) ഉം വകുപ്പ് 14 പ്രകാരം താഴെക്കൊടുത്തിരിക്കുന്ന വായ്പക്കാർക്കും നിലവിലുള്ള സ്വത്തുക്കൾ KMPLന് ഈടാക്കേണ്ട കുടിശ്ശിക തുകയും ബാധകമായ പലിശയും ചാർജുകളും മറ്റു ചിലവുകളും ഈടാക്കുന്നതിനുവേണ്ടി താഴെക്കൊടുത്തിരിക്കുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി പൊതുജനങ്ങളിലുടെ വിൽപ്പന നടത്തുന്നതിനു വേണ്ടി പൊതുജനങ്ങളെയും പ്രത്യേകിച്ച് വായ്പക്കാരെയും ജാമ്യക്കാരെയും അറിയിക്കുന്നതിനുള്ള നോട്ടീസ്. വസ്തുവകകൾ "ഇപ്പോൾ എവിടെയോണോ" "എന്തായാലും" "അതിൽ എന്തൊക്കെയാണോ" എന്ന അവസ്ഥയിൽ യാതൊരു മാറ്റവുമില്ലാതെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 8 & 9 പ്രകാരം https://kotakbank.auctiontiger.net.എന്ന വെബ്സൈറ്റിൽ നൽകിയിരിക്കുന്ന ഇ-ലേല പ്ലാറ്റ് ഫോം വഴിയാണ് വിൽപന നടത്തുക. വസ്തുക്കളുടെ വിവരണവും കരുതൽ വിലയും, നിക്ഷേപിക്കേണ്ട തുകയും താഴെക്കൊടുത്തിരിക്കുന്നു.

വായ്പക്കാരുടെ പേരും വിലാസവും	വായ്പ കുടിശ്ശിക	കരുതൽ തുക /നിക്ഷേപിക്കേണ്ട തുക / ഇൻക്രിമെന്റ്	വസ്തുവിന്റെ വിശദാംശങ്ങൾ
1. എം/എസ് അഞ്ചിക ദിനി ഗുപ്തർക്കെതിരെ. 2. എം.ആർ. ജയ് കുമാർ എം.എസ് S/o. ശ്രീ ജയിംസ് 3. ശ്രീമതി. കവിത ജൈസ് W/o. ജയ് കുമാർ എം.എസ്	30.01.2025ലെ കുടിശ്ശിക തുക 77,39,615.48/-	താഴെ തുക. 80,00,000/- നിക്ഷേപിക്കേണ്ട തുക 8,00,000/- ഇൻക്രിമെന്റ് തുക. 10,000/-	കോട്ടയം ജില്ല, കോട്ടയം ജില്ലാ സബ്രജിസ്ട്രാർ ജില്ല, തലയോലപ്പറമ്പ് സബ്രജിസ്ട്രാർ ജില്ല, വൈക്കം താലൂക്ക്, വെച്ചൂർ വില്ലേജിലെ സർവ്വേ നമ്പർ 361/31 (മുമ്പ് ടാക്സ് തണ്ടർ നമ്പർ KL05051501622/2024 പ്രകാരവും വെച്ചൂർ വില്ലേജ് ഓഫീസ് പുതുപ്പുറിച്ചു കൈവശാകാശ സർട്ടിഫിക്കറ്റ് നമ്പർ 84360589 പ്രകാരവും സർവ്വേ നമ്പർ 361/31-7 തിലെപ്പെട 04.86 ആർ) തിലെപ്പെട 04.86 ആർ സെന്റ് സ്ഥലവും അതിലുള്ള 11/70A നമ്പർ കെട്ടിടവും ഒപ്പം ചുമരുകളും ഇതര അനുബന്ധങ്ങളും കുടിയാകുന്നു. **അതിരുകളായി-** വടക്ക് : കാനാലും പൊതു വഴിയുമായും, മിക്കേ: റോഡ്, തെക്ക് : സണ്ണി ജോസഫിന്റെ വക വസ്തു.പടിഞ്ഞാറ് : ജോസഫിന്റെ വക വസ്തു.മണ്ണുള്ള വില്ലേജ് ഓഫീസിലെ ലൊക്കേഷൻ സർവ്വേ നമ്പർ 468/2024 പ്രകാരമുള്ള അതിരുകൾ.	

നിലവോട് ചേർന്നുള്ളതോ പുതിയോട് ചേർന്നുള്ളതോ ആയ എന്തിലെങ്കിലും വസ്തുവായി ഉൾപ്പെടുത്തുകയോ ആയ കെട്ടിടങ്ങളും -വസ്തുവും, നിലവിലുള്ളതും വരാനിരിക്കുന്നതുമായുള്ള അവകാശങ്ങളും.

ലേല പ്രക്രിയകളെ കുറിച്ചുള്ള പ്രധാന വിവരങ്ങൾ

ലേല തീയതി:	വസ്തു പരിശോധന തീയതി:	നിക്ഷേപവും സ്വീകരിക്കുന്നതിനുള്ള അവസാന തീയതി:
28.11.2025 (4.00 p.m to 5.00 p.m)	25/11/2025 to 26/11/2025 - 10.00 AM to 05.00 PM	27.11.2025 ന് 5.00 p.m മുൻപ്

വിൽപ്പനയുടെ നിബന്ധനകളും വ്യവസ്ഥകളും.

1. 'ഇപ്പോൾ എവിടെയോണോ, എന്തായാലും, എന്തൊക്കെയാണോ' എന്നതിന് മുമ്പിലായതായിരിക്കും ഇ- വിൽപന നടത്തുക.
2. ലേലത്തിലേർപ്പെടുന്നതിന് മുൻപ് ലേലത്തിൽ പങ്കുകൊള്ളുവാൻ ആഗ്രഹിക്കുന്നവർ അവരുടെ ഉത്തരവാദിത്തത്തിൽ ആസ്തികൾ പരിശോധിക്കുകയും പ്രത്യേകതകൾ മനസ്സിലാക്കേണ്ടതുമാണ്. ലേലത്തിലിടുന്നതിനുള്ള വസ്തുവിന്റെ വിലനിശ്ചയങ്ങളോടോപം താൽപര്യമുള്ള വ്യക്തികൾക്ക് വസ്തുവകകൾക്കുള്ളിലും പരിശോധിക്കുന്നതിനും അനുവാദം നൽകുന്നതാണ്.
3. താൽപര്യമുള്ള ബിഡ്ഡർക്ക് കൊട്ടക് ഫിനാൻസ് ലിമിറ്റഡിന്റെ ഇ-ഫൈൽ സ്റ്റേഷൻ വിലാസമായ ഗ്രൗണ്ട് 15th ഫ്ലോർ, നിലവിൽ Q1 മാൾ, NH 66 ബൈപാസ്, വെണ്ണല, പാലാരിവട്ടം എറണാകുളം, കേരളം - 682028 എന്ന അഡ്രസ്സിൽ സന്ദർശിക്കാം. ഉയർന്ന ബിഡ് കൊട്ടക് ഫിനാൻസ് ലിമിറ്റഡിന്റെ അംഗീകാരത്തിന് വിധേയമായിരിക്കും. എല്ലാം അടങ്ങിയ ഏതെങ്കിലും ഭാഗങ്ങളും സ്വീകരിക്കാനോ നിരസിക്കാനോ ഉള്ള അധികാരം അംഗീകൃത ഓഫീസർക്ക് നിക്ഷിപ്തമാണ്. അംഗീകൃത ഓഫീസറുടെ തീരുമാനം അന്തിമവും നിർബന്ധിതവുമാണ്.
4. ലേലത്തിൽ പങ്കുകൊള്ളുവാൻ ആഗ്രഹിക്കുന്നവർക്ക് ആവശ്യമെങ്കിൽ ഓഫീസ് ഐഡി & പാസ് വേഡ് സെറ്റ് അപ് നൽകിക്കൊണ്ട് യോഗ്യതയുള്ള ഇ- ലേല പ്രക്രിയ യുമായുള്ള ഓൺലൈൻ പരിശീലനത്തിലേക്കു പ്രവേശിക്കുന്നതിനുള്ള നിബന്ധനകൾ, പ്രവർത്തനരീതികൾ, സേവനക്കൊണ്ടും സഹായം അവർക്കിലുണ്ടാകുന്നതാണ്. M/s e-Procurement Technologies Limited. സേവനദാതാവ് ശ്രീ. രാംപ്രസാദ് ഗർഗ്, ഫോൺ നമ്പർ :8000023297, ഇ - മെയിൽ :ramprasad@auctiontiger.net&support@auctiontiger.net, ശ്രീ. ആനന്ദ് കുമാർ +91-9995761742 / ശ്രീ. പ്രഫുൽ ജൈസ് – +919976125555 (അഡ്വക്കേറ്റുമായി ഉദ്യോഗസ്ഥർ) വസ്തു സംബന്ധമായ അന്വേഷണങ്ങൾക്ക് ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടേണ്ടതാണ്.
5. സാധുവായ യൂസർ ഐഡിയും/പാസ് വേഡും നിലവിലുള്ള NEFT/ RTGS മുഖേന അടച്ചിട്ടുള്ളവർക്കും മാത്രമേ ഇ ലേല പ്രക്രിയകളിൽ പങ്കാളികളാകുവാൻ സാധിക്കൂ.
6. ലേലത്തിൽ പങ്കുകൊള്ളുവാൻ ആഗ്രഹിക്കുന്നവർ ലേല പ്രധാനങ്ങളും, നിക്ഷേപവും കരുതൽ വിലയുടെ 10% തിൽ കുറയാതെയ് ആവശ്യമായ രേഖകളും **27-11-2025,** പകൽ 5 മണിക്ക് മുൻപായി, ജിഡിആർഎൽ നടപ്പ് ക്രമങ്ങളിലൂടെ (ഡ്രൈവേഴ്സ് ലിക്കുന്ന യൂസർ ഐഡിയും, പാസ് വേഡും സഹിതം സമർപ്പിക്കുന്നവർക്ക് മാത്രമാണ് ഇ- ലേലത്തിൽ പങ്കുകൊള്ളുവാൻ സാധിക്കുകയുള്ളൂ. അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പരിശോധനകൾക്കും, അംഗീകാരത്തിന